CCM(17) 2013-14

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

## കോഓർഡിനേഷൻ സമിതി

**23.10.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.10.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 2013-14 വാർഷിക പദ്ധതിയുടെ നിർവഹണ ചെലവ് പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തുകൾ 195 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 44 കോടി രൂപയും, ജില്ലാ പഞ്ചായത്തുകൾ 43 കോടി രൂപയും, മുനിസിപ്പാലിറ്റികൾ 20 കോടി രൂപയുമാണ് ചെലവഴിച്ചത് എന്നു കാണുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ 5 ഗഡുക്കളായി ഫണ്ട് അനുവദിച്ചതുപ്രകാരം ചെലവ് ഏകദേശം 50% ഉള്ളതായി കാണപ്പെട്ടു.

**2.2** സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില സ്ഥാപനങ്ങൾ അതിനായി സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഇ-ടെണ്ടറിംഗ് ഈ സാമ്പത്തിക വർഷം പഞ്ചായത്തുകളിൽ നിർബന്ധമാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 കോട്ടയം ഗ്രാമപഞ്ചായത്ത് (ഫയൽ നം 63139/ഡി.എ1/2013/തസ്വഭവ)**

**തീയതി 23.10.2013**

ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്കും സ്ക്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർക്കുമായി 'അതുല്യം' എന്ന തുടർ വിദ്യാഭ്യാസ സാക്ഷരത പദ്ധതിയുടെ സംഘാടക സമിതി രൂപീകരണം, സർവെ, വോളണ്ടിയർ പരിശീലനം, കോഓർഡിനേറ്റർമാരുടെ ഹോണറേറിയം എന്നിവയുടെ ചെലവുകളുടെയും പ്രോജക്ടിന്റെയും മൊത്തം ചെലവിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് - പ്രസിഡന്റിന്റെ കത്ത് തീയതി.23.10.2013**

ഗ്രാമപഞ്ചായത്തുകളിലെ മരാമത്ത് പണികളുടെ ടെണ്ടർ നടപടികൾ നടത്തേണ്ടത് 1997-ലെ കേരള പഞ്ചായത്ത്രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 08.11.2010-ലെ ജി.ഒ.(പി)259/10/ തസ്വഭവ പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗരേഖ എന്നിവ പാലിച്ചാണെന്നിരിക്കെ മിക്ക LSGD എഞ്ചിനീയർമാരും PWD മാന്വലിലെ വ്യവസ്ഥകളാണ് പിന്തുടരുന്നത് എന്നും തന്നിമിത്തം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്താൽ പെർഫോർമൻസ് ഗ്യാരണ്ടി വയ്ക്കണമെന്ന വ്യവസ്ഥ LSGD എഞ്ചിനീയറിംഗ് വിഭാഗം ബാധകമാക്കിയിരിക്കുകയും ചെയ്യുന്നു. ഇതിന് ബാങ്ക് ഗ്യാരണ്ടിയും വേണ്ടി വരുന്നുതു ടെണ്ടറുകൾക്ക് മത്സര സ്വഭാവം

വരുന്നില്ലെന്നും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ ആരും മുന്നോട്ട് വരാത്തതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് വലിയ നഷ്ടമാണുള്ളതെന്നും അതിനാൽ ഗ്രാമപഞ്ചായത്തുകളിലെ മരാമത്ത് പ്രവൃത്തികൾക്ക് PWD മാന്വൽ പിന്തുടരു ന്നതിന് പകരം പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കാൻ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

ഈ വിഷയം സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ അഭിപ്രായം ആരായാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഗ്രാമവികസന കമ്മീഷണറുടെ കത്ത്. (ഫയൽ നം. 54735/ ഡി.ഡി.1/13/തസ്വഭവ തീയതി. 23.10 .2013**

ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. ഭവന നിർമ്മാണത്തിന് ചെലവഴിക്കാതെ കിടക്കുന്ന ബാങ്ക് അക്കൗണ്ടിലെ തുകയിൽ നിന്ന് (കേന്ദ്ര/സംസ്ഥാന വിഹിതവും) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ഗുണഭോക്താക്കൾക്ക്, സംസ്ഥാന സർക്കാർ അനുവദിച്ച യൂണിറ്റ് കോസ്റ്റ് തുക (എസ്.സി., ജനറൽ, 2 ലക്ഷം, എസ്.റ്റി - 2.50 ലക്ഷം) ലഭ്യമാക്കുന്നതിന് അനുവാദം നൽകുന്നു. ഇങ്ങനെ കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് തുകയ്ക്ക് (2011 -12, 2012-13- = 48500/- രൂപ, 2013 -14 =70000/- രൂപ) പുറമെയുള്ള തുക ഏത് സ്രോതസ്സിൽ നിന്നാണോ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടത് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം, സഹകരണ സ്ഥാപനങ്ങളിൽ നിന്ന് 10 വർഷം കൊണ്ട് തിരിച്ചടക്കേണ്ട ബ്ലോക്ക് പഞ്ചായത്ത് എടുക്കുന്ന വായ്പ തുക (75000/- രൂപ) 2011-12, സർക്കാർ നേരിട്ട് നൽകുന്ന തുക (2012-13, 75000/- രൂപ, 2013-14 = 50000/- രൂപ) മേപ്പടി സ്രോതസ്സിൽ നിന്ന് തന്നെ അതത് സാമ്പത്തിക വർഷം റീകൂപ്പ് ചെയ്യേണ്ടതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ നിർദ്ദേശപ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ച ബി.പി.എൽ പട്ടിക പ്രകാരമായിരിക്കണം കണ്ടെത്തേണ്ടത്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പൊന്നാനി നഗരസഭ (ഫയൽ നം. 63059/ എഫ്.എം1/13/തസ്വഭവ) തീയതി.23.10.2013**

പൊന്നാനി നഗരസഭയ്ക്ക് 2013-14 വാർഷിക പദ്ധതിയിൽ ബഡ്ജറ്റിലെ സാധാരണ വിഹിതം ധനകാര്യ കമ്മീഷൻ അവാർഡ്, ലോക ബാങ്ക് സഹായം എന്നിവയ്ക്ക് തുക അനുവദിച്ചപ്പോൾ ഓപ്പണിംഗ് ബാലൻസ് കൂടി ഉൾപ്പെടെയുള്ള തുക കണക്കാക്കിയില്ലെന്നും അതുകൊണ്ടുണ്ടായ കുറവ് പരിഹരിക്കണമെന്നുമുള്ള അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കും നടപടിക്കുമായി നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 അടിമാലി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 61517/ ഡി.ഡി.2/13/തസ്വഭവ) തീയതി.23.10.2013**

അടിമാലി ബ്ലോക്ക് പഞ്ചായത്തിന് 2013-14 വാർഷിക പദ്ധതിയിൽ 32 പ്രോജക്ടുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചെങ്കിലും ആയത് ചില സാങ്കേതിക കാരണങ്ങളാൽ യഥാസമയം ഡാറ്റാഎൻട്രി നടത്താൻ കഴിഞ്ഞില്ലെന്നും ഡാറ്റാഎൻട്രിക്ക് അനുവാദം നൽകണമെന്നും അഭ്യർത്ഥിച്ചത് പരിഗണിച്ച് അതു സംബന്ധമായ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർക്ക് വിവരങ്ങൾ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ ആഫീസറുടെ കുറിപ്പ്**
**തീയതി.23.10.2013**

21.08.2013-ലെ സ.ഉ.(ആർ.ടി)നം.425/2013/SJD അനുസരിച്ച് നടപ്പാക്കുന്ന വനിതാ ടാക്സി സർവീസ് ('ഷീ ടാക്സി') എന്ന ജെൻഡർ പാർക്ക് പ്രോജക്ടിനെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരസ്യ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 60593/ഡി.ഡി.2/13/തസ്വഭവ)**
**(തീയതി.23.10.2013)**

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.റ്റി. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം എന്ന പ്രോജക്ടിന് അംഗീകാരം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ബഹു. ചേലക്കര നിയോജകമണ്ഡലം എം.എൽ.എയുടെ കത്ത്**

**(ഫയൽ നം. 63652/എഫ്.എം.2/13/തസ്വഭവ )തീയതി.23.10.2013**

ചേലക്കര നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന സർക്കാർ കോളേജിന് ഭൂമി വാങ്ങുന്നതിലേയ്ക്കായി സംഭാവന നൽകാൻ മണ്ഡലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകിക്കൊണ്ടുള്ള മുൻ തീരുമാനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ബഹു. തലശ്ശേരി എം.എൽ.എ.യുടെ കത്ത്**

**(ഫയൽ നം. 63657/എഫ്.എം.2/13/തസ്വഭവ) തീയതി.23.10.2013**

തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ സർക്കാർ കോളേജിന് സ്ഥലം വാങ്ങാൻ സംഭാവന നൽകുന്നതിന് മണ്ഡലത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകിക്കൊണ്ടുള്ള മുൻ തീരമാനത്തിൽ മാറ്റം വരുത്തേണ്ട തില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 അടിമാലി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 61029/ഡി.ഡി2/13/തസ്വഭവ)**
**തീയതി.23.10.2013**

അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ പുനർ നിർമ്മിക്കുന്നതിന് റോഡ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കണമെന്നുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പള്ളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 62496/ഡി.ഡി2/13/തസ്വഭവ)**
**തീയതി.23.10.2013**

2011-12 വർഷത്തിൽ പട്ടികജാതി കുടുംബങ്ങൾക്കും പട്ടികവർഗ കുടുംബ ങ്ങൾക്കുമായി മഴവെള്ള സംഭരണി നിർമ്മിച്ചു നൽകുമ്പോൾ സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് 100% സബ്സിഡി അനുവദിച്ചതിൽ തുക തിരികെ ഈടാക്കാതിരിക്കാനുള്ള കാരണം സംബന്ധിച്ച് പ്രസിഡന്റ് സെക്രട്ടറി നിർവണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ഏറിയാട് ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 61982/ഡി എ 2/13/തസ്വഭവ)**
**തീയതി.23.10.2013**

ഏറിയാട് ഗ്രാമപഞ്ചായത്ത് 2011-12 വാർഷിക പദ്ധതിയിൽ ആരംഭിച്ച  പട്ടികജാതി വിഭാഗങ്ങൾക്ക് ഫ്ളാറ്റ് നിർമ്മാണം പ്രോജക്ടിന് 3.25 ലക്ഷം രൂപയിൽ കവിയരുതെന്ന നിബന്ധനയിലാണ് മുൻപ് കോഓർഡിനേഷൻ കമ്മിറ്റി അംഗീകാരം നൽകിയിരുന്നത്. 2012-13 വർഷത്തിൽ രണ്ടാംഘട്ട പദ്ധതിയിൽ  യൂണിറ്റ് കോസ്റ്റ് 479500/- രൂപ  ആയി  അംഗീകരിക്കണമെന്ന  ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കതിരൂർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 62337/ഡി.എ2/13/തസ്വഭവ)**
**തീയതി.23.10.2013**

കണ്ണൂർ ജില്ലയിലെ  കതിരൂർ ഗ്രാമപഞ്ചായത്തിന് 2013-14 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച വൈദ്യുത (ഊർജ്ജ) പ്രോജക്ടുകൾ കെൻകോസ്, കതിരൂർ എന്ന അക്രഡിറ്റഡ് ഏജൻസി വഴി  നിർവഹണം നടത്താനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ അക്രഡിറ്റേഷൻ പുതുക്കി കിട്ടാത്ത സാഹചര്യത്തിൽ കെൻകോസിന് 2013-14 വർഷ ത്തേയ്ക്ക് അക്രഡിറ്റേഷൻ നീട്ടി നൽകണമെന്ന് പഞ്ചായത്ത് കമ്മിറ്റി യോഗം അപേക്ഷിച്ചതു പരിഗണിച്ച് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കേണ്ടതിനാൽ അക്രഡിറ്റേഷൻ നടപടികൾ പൂർത്തീകരിച്ച്  പുതിയ സംവിധാനം വരുന്നതുവരെ നിലവിൽ അക്രഡിറ്റേഷൻ ഉണ്ടായിരുന്നവർക്ക് തുടർ അനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 വെള്ളനാട് ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 48984/ഡി.ബി3/13/തസ്വഭവ)**
**തീയതി.23.10.2013**

ഡ്രൈവറുടെ ശമ്പളം, വാഹനത്തിന്റെ ഇന്ധന ചെലവ്, അറ്റകുറ്റ പ്പണികൾ തുടങ്ങിയ ആവർത്തന ചെലവുകൾ കാർഷിക വിപണി വഹിക്കണമെന്ന വ്യവസ്ഥയിൽ കാർഷിക വിപണിയിൽ കർഷകരിൽ നിന്നും നേരിട്ട് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് 5 ലക്ഷം രൂപയിൽ കവിയാത്ത തുകയ്ക്ക് ഗുഡ്സ് ക്യാരിയർ ഇനത്തിലുള്ള വാഹനം വാങ്ങുന്നതിനുള്ള പദ്ധതി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കടങ്ങോട് ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 623994/ഡി.ബി1/13/തസ്വഭവ)**
**തീയതി.23.10.2013**

കടങ്ങോട് ഗ്രാമപഞ്ചായത്തിലെ അപകടാവസ്ഥയിലായ ലക്ഷം വീട് കോളനികളിലെ 2 ഡ്യൂപ്ലക്സ് വീടുകൾ ഒറ്റവീടായി നിർമ്മിക്കുന്നതിനും  2 ലക്ഷം രൂപ അടങ്കൽ വിഹിതമായി അനുവദിക്കുന്നതിനും ആവശ്യപ്പെട്ടതു സംബന്ധിച്ച പൊതു വിഷയങ്ങളിൽമേൽ ഭവന നിർമ്മാണ ബോർഡുമായും  ബന്ധപ്പെട്ട വകുപ്പുകളു മായും  പ്രത്യേകം ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കേരള പഞ്ചായത്ത് സെക്രട്ടറീസ് അസോസിയേഷൻ     തീയതി.23.10.2013**

വസ്തു നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട്  ഐ.കെ.എം. തയ്യാറാക്കിയ 'സഞ്ചയ' സോഫ്റ്റു വെയറിലെ  സങ്കീർണ്ണ മായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു  നടപടി സ്വീകരിക്കാൻ  ഐ.കെ.എം.നെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 മലപ്പുറം നഗരസഭ (തീയതി. 23.10.2013)**

നഗരസഭയുടെ 12.02.2013-ലെ കൗൺസിൽ തീരുമാന പ്രകാരം നഗരസഭാ പരിധിയിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിന് റോഡു പണികൾ ഇല്ലാത്തതിനാൽ ഡി.പി.സി.യുടെ അംഗീകാരം ലഭിച്ച പുതിയ പ്രവൃത്തികൾ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടത് അനുവദിക്കേണ്ട തില്ലെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 എരുമേലി ഗ്രാമപഞ്ചായത്ത് തീയതി.23.10.2013**

ശബരിമല മണ്ഡല മഹോത്സവം പ്രമാണിട്ട് നിരത്തുകളിലെയും കാനന പാതകളിലേയും ലൈറ്റുകൾ പ്രകാശിക്കാത്തത് റിപ്പയർ ചെയ്യുന്നതിന് 3 ലക്ഷവും പുതിയ ലൈറ്റുകളും ഉപകരണങ്ങളും വാങ്ങുന്നതിന് 3 ലക്ഷം രൂപയും മുൻകൂർ അനുമതി ആവശ്യപ്പെട്ടിരുന്നു. ശബരിമല ഉത്സവം പ്രമാണിച്ച് മുൻകൂർ അനുമതി നൽകുന്നതിനും തനത് ഫണ്ട് ഉപയോഗിക്കുന്നതിനും നിർദ്ദേശിച്ച് അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ഉദയഗിരി ഗ്രാമപഞ്ചായത്ത് തീയതി.23.10.2013**

മണിയംകൊല്ലി പുഴയിൽ പി.ഡബ്ല്യൂ.ഡി. പാലം നിർമ്മിക്കാൻ അപ്രോച്ച് റോഡിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. വികസന ഫണ്ടിൽ നിന്ന് 1567700/- രൂപ വകയിരുത്തിയെങ്കിലും അംഗീകാരം ലഭിച്ചില്ല. പാലം നിർമ്മിക്കുന്നതിന് 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി പി.ഡബ്ല്യൂ.ഡി അറിയിച്ചിരിക്കുന്നു. അപ്രോച്ച് റോഡിനുള്ള സ്ഥലം നൽകിയെങ്കിൽ മാത്രമേ പാലം പണി തുടങ്ങുവാൻ കഴിയുകയുള്ളൂ. 1567700/-രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 30.10.2013ന് രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ ചേരുന്നതാണ്.***

**(യോഗം 9.15 ന് അവസാനിച്ചു)**